"ഭരണ ഭാഷ – മാതൃഭാഷ"

**ഇൻഫർമേഷൻ കേരളാ മിഷൻ**

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

## 30.09.2015-ന് വൈകുന്നേരം 3:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

ഹാജർ:-

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് **(ചെയർമാൻ)**
2. ശ്രീ.കെ.ഷാജഹാൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ.സുഭാഷ് ജോൺ മാത്യൂ, അഡീഷണൽ സെക്രട്ടറി, ഐ.ടി. ഡിപ്പാർട്ട്മെന്റ്
4. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം
5. ശ്രീ.സി.പി.സുരേഷ്കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം **(മെമ്പർ സെക്രട്ടറി)**

"ഭരണ ഭാഷ – മാതൃഭാഷ"

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

### 30.09.2015-ന് വൈകുന്നേരം 3:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 7.1 | **06.03.2015 തീയതിയിൽ നടന്ന 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ.** |
| | 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.( മിനിട്ട്സിന്റെ പകർപ്പ് – **അനുബന്ധം-1**) |
| **എടുത്ത തീരുമാനം** | അംഗീകരിച്ചു. |
| 7.2 | **6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി.** |
| | **6.2(4.3)ഐ.കെ.എം-ന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 06.03.2015 ലെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.2(4.3) നമ്പർ തീരുമാനപ്രകാരം ഐ.കെ.എമ്മിന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റ്മാരുടെ ഫേമിൽ നിന്നും Expression of Interest-ന്റെ വിശദമായ Comparative Statement സഹിതം അടുത്ത കമ്മിറ്റിയിൽ ഒന്നുകൂടി വയ്ക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് **(അനുബന്ധം–2)** തുടർ നടപടികൾക്കായി. |
| | **എടുത്ത തീരുമാനം:** Comparative Statement-ൽ 2 ഫേമുകൾ ഒരേ തുക നൽകിയ സാഹചര്യത്തിൽ കൂടുതൽ എക്സ്പീരിയൻസ് ഉള്ള P N Krishan Mani & Co. Chartered Accountants നെ നിയമിക്കാൻ തീരുമാനിച്ചു. |
| | **6.2(4.12)ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ - ശിക്ഷണനടപടി സംബന്ധിച്ച്.** |
| | 06.03.2015 ലെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.2(4.12) നമ്പർ തീരുമാനപ്രകാരം ശ്രീ. ആനന്ദ്.യു.ആർ നെതിരെ ഇതുവരെ എടുത്ത നടപടികൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് മുഖ്യമന്ത്രിയ്ക്ക് അയക്കുവാനും, ആ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് അയക്കുവാനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19.02.2015 തീയതിയിലെ No.364/IKM/E-7/A/2015 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് **അനുബന്ധം-3** ആയി ചേർക്കുന്നു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **6.4സ്വരാജ് ഭവനിലെ നെറ്റ്‌വർക്ക് കേബിൾ ജോലികൾ സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എമ്മിന് നേരിട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |
| | 06.03.2015 ലെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.4 നമ്പർ തീരുമാനപ്രകാരം നെറ്റ്‌വർക്ക് കേബിൾ ജോലികൾ കെൽട്രോണിന് നൽകാനും, കെൽട്രോണുമായി കരാറിൽ ഏർപ്പെടാനും തീരുമാനിച്ചു. ആയത് പ്രകാരം 12.03.2015 തീയതിയിൽ കരാർ ഒപ്പുവയ്ക്കുകയും ജോലികൾ തുടങ്ങുകയും ചെയ്തു. നെറ്റ്‌വർക്ക് കേബിൾ ജോലി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **6.10 സാഖ്യ സോഫ്റ്റ്‌വെയറിൽ കരാർ അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് ഒരു പ്രോഗ്രാമറെ നിയമിച്ചത് സംബന്ധിച്ച്.** |
| | 06.03.2015 ലെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.10 നമ്പർ തീരുമാനപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | സംബന്ധമായ ഫീൽഡിലെ പ്രശ്ന പരിഹാരം സംബന്ധിച്ച സപ്പോർട്ട് നൽകുന്നതിന് മുമ്പ് സാഖ്യ സോഫ്റ്റ്‌വെയറിൽ ജോലിചെയ്തുകൊണ്ടിരുന്ന ശ്രീ.അയ്യൂബിനെ 23.03.2015 ലെ 6417/E1/2014/IKM നമ്പർ ഉത്തരവ് പ്രകാരം ആറ് മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. ശ്രീ.ആയ്യൂബ് ചെയ്യുന്ന ജോലികളുടെ സമഗ്രമായ റിപ്പോർട്ട് **അനുബന്ധം-4** ആയി ചേർക്കുന്നു. |
| | എടുത്ത തീരുമാനം: ശ്രദ്ധയിൽപ്പെടുത്തി. |
| 7.3 | **ഐ.കെ.എമ്മിന്റെ 2013-14 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | 2013-14 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ **അനുബന്ധം-5** ആയി ചേർക്കുന്നു.<br>ഇവ അംഗീകാരത്തിനായി. |
| **എടുത്ത തീരുമാനം** | **അംഗീകരിച്ചു.** PF, Profession Tax മുതലായവ അടയ്ക്കുവാൻ വൈകിയതിന് കാരണം ആരാഞ്ഞ് അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു. Libility തിരിച്ചുപിടിക്കാൻ എടുത്ത തുടർ നടപടികളും, ആഡിറ്റർമാരുടെ റിപ്പോർട്ടിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ ഒരു റിപ്പോർട്ടും അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. |
| 7.4 | **ഐ.കെ.എമ്മിന്റെ 2013-14 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | 2013-14 വർഷത്തെ വാർഷിക റിപ്പോർട്ട് 30.05.2015 സ.ഉ.(സാധാ)നം.1617/2015/തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി.( **അനുബന്ധം-6)** |
| **എടുത്ത തീരുമാനം** | **അംഗീകരിച്ചു.** |
| 7.5 | **ഐ.കെ.എമ്മിന്റെ 2015-16 വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | 06.03.2015 ലെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.22 നമ്പർ തീരുമാനപ്രകാരം 2015-16 ലെ ബഡ്ജറ്റ് 2013-14 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിനു ശേഷം അംഗീകരിക്കുന്നതാണ് എന്ന് തീരുമാനം എടുത്തിരുന്നു. 2013-14 വർഷത്തെ വാർഷിക ധനകാര്യ പത്രിക അജണ്ടയുടെ 7.3 ഇനം നമ്പരായി ചേർത്തിട്ടുണ്ട്. ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.( 2015-16 ലെ ബഡ്ജറ്റ് - **അനുബന്ധം-7)** |
| **എടുത്ത തീരുമാനം** | **അംഗീകരിച്ചു.** |
| 7.6 | **സോഷ്യൽ നെറ്റ് വർക്ക് വഴി സർക്കാരിനെ അപകീർത്തിപ്പെടുത്തിയത് - നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.** |
| | 15.07.2014-ലെ 79257/ഐബി1/2014/തസ്വഭവ നമ്പർ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വേലവിലക്കേർപ്പെടുത്തിയ ഐ.കെ.എം ജീവനക്കാരായ ശ്രീ. ഭാഗ്യനാഥ് വി വി, ശ്രീമതി. ഗീത എ, ശ്രീ. സജിത്ത് എസ്, ശ്രീമതി. റൈഹാൻ. എ എ, ശ്രീമതി. സിമി ദത്ത് ഡി എസ്, ശ്രീ ജിനീഷ് ഐ. വി, ശ്രീ. ശിവപ്രസാദ് സി, ശ്രീ. രഞ്ജിത്ത് ഘോഷ് പി, ശ്രീ. ഷൈൻ എ ആർ എന്നീ ഉദ്യോഗസ്ഥർക്ക് 06.01.2014 മുതൽ 20.02.2014 വരെയുള്ള കാലയളവിൽ വേലവിലക്കേർപ്പെടുത്തി ശമ്പളം 50% ഉപജീവനബത്തയിൽ നിജപ്പെടുത്തി ബാക്കി തുക തവണ വ്യവസ്ഥയിൽ, 5 തവണയായി തിരിച്ച് പിടിച്ച് ഇൻഫർമേഷൻ കേരള മിഷൻ അക്കൌണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് 20.08.2014 ലെ 7525/ഇ1/2014/ഐ.കെ.എം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ഉത്തരവായിരുന്നു.<br>ഈ ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വേലവിലക്കേർപ്പെടുത്തിയ കാലയളവിലെ ശമ്പളം ഇൻഫർമേഷൻ കേരള മിഷൻ അക്കൌണ്ടിലേയ്ക്ക് തിരിച്ചടച്ച് സർക്കാർ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട് എന്ന വിവരം 24.01.2015 ലെ 7525/ഇ1/2014/ഐ.കെ.എം നമ്പർ കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.<br>സോഷ്യൽ നെറ്റ് വർക്ക് വഴി സർക്കാരിനെ അപകീർത്തിപ്പെടുത്തിയതിന്റെ പേരിൽ ,സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വേലവിലക്കേർപ്പെടുത്തിയ 9 ഐ.കെ.എം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ അവതരിപ്പിച്ച് അനന്തര നടപടി |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | സ്വീകരിക്കുന്നതിന് 09.04.2015 ലെ തസ്വഭവ-ഐബി1/73/2015-തസ്വഭവ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. തുടർ നടപടികൾക്കായി. |
| **എടുത്ത തീരുമാനം** | ശിക്ഷണ നടപടികൾ പൂർത്തിയായതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. |
| 7.7 | **തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റ് പുനഃക്രമീകരിക്കുന്നതിന് വേണ്ടി ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.** |
| | തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റ് പുനക്രമീകരിക്കുന്നതിന് ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ 6 മാസത്തേക്ക് 22,500/- രൂപ വേതനത്തിൽ താൽകാലികമായി നിയമിക്കുന്നതിന് 27.11.2014 ലെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.3 നമ്പർ അജണ്ടയിൽ തീരുമാനം എടുത്തിരുന്നു. ആയത് പ്രകാരം പത്രത്തിൽ പരസ്യം നൽകി ഇന്റർവ്യൂ നടത്തിയെങ്കിലും പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ നിന്ന് പ്രാപ്തരായവരെ കണ്ടെത്താൻ സാധിച്ചില്ല. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി. |
| **എടുത്ത തീരുമാനം** | ഐ.കെ.എമ്മിലെ വെബ് ടീം വെബ്സൈറ്റുകൾ പുനഃക്രമീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയൊരു നിയമനം ആവശ്യമില്ല എന്ന് തീരുമാനിച്ചു. |
| 7.8 | **ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 06.03.2015 ൽ കൂടിയ ഐ.കെ.എമ്മിന്റെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.12 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം ജി.ഐ.എസ് പ്രാഗ്രാമുകൾ വെബ് അധിഷ്ഠിതമാക്കാൻ പ്രത്യേകം പരിശീലനം ലഭിച്ച ഒരു GIS Developer റെ 6 മാസത്തേക്ക് പ്രതിദിനം 1500/-രൂപ ക്രമത്തിൽ നൽകി താൽകാലികമായി നിയമിക്കുന്നതിന് തീരുമാനം എടുത്തിരുന്നു. ആയത് പ്രകാരം പത്രത്തിൽ പരസ്യം നൽകി വാക്ക് ഇൻ ഇന്റർവ്യൂ നടത്തിയെങ്കിലും പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ നിന്ന് പ്രാപ്തരായവരെ കണ്ടെത്താൻ സാധിച്ചില്ല. ആയതിനാൽ പ്രാപ്തനായതും, യോഗ്യതയുള്ളതുമായ ഒരു GIS Developer-റെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ തുടരുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | GIS Developer-റെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി Kerala Spatial Data Infrastructure (KSDI) മായി ബന്ധപ്പെട്ട് ഉചിതമായ നടിപടിഎടുക്കുവാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. |
| 7.9 | **സേവന-സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ വെബ്ബ് അധിഷ്ഠിതമാക്കുന്നതിനുള്ള Roadmap അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | ജനന-മരണ-വിവാഹം എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറായ സേവന-സിവിൽ രജിസ്ട്രേഷൻ വെബ്ബ് അധിഷ്ഠിതമാക്കുന്നതിനുള്ള Roadmap ഇതോടൊപ്പം **അനുബന്ധം-8** ആയി ചേർക്കുന്നു. ഈ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി താഴെ പറയുന്ന യോഗ്യതയുള്ള 2 പ്രോഗ്രാമർമാരെ താൽകാലികമായി നിയമിക്കുന്നതിനുള്ള അനുമതിക്കായി. Roadmap അംഗീകാരത്തിനായി. |

| | |
|---|---|
| Educational Qualification: | BTech / MCA /MSc-Computer Science/ Diploma in Computer Science |
| Skills: | PHP, MS-Sql Server, PHP-Webservice/Reporting tools, Java is optional |

| | |
|---|---|
| **എടുത്ത തീരുമാനം** | കാലാവധി ദീർഘമായതിനാൽ പുതിയ പ്രൊപ്പോസൽ നൽകുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. |
| 7.10 | **ഇൻഫർമേഷൻ കേരള മിഷന്റെ ഗവേണിംഗ് ബോഡി യോഗം കൂടുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരളാ മിഷൻ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തതിന് ശേഷമുള്ള ആദ്യ ഗവേണിംഗ് ബോഡി യോഗം കൂടുന്നതിനുള്ള തീയതി തീരുമാനിക്കുന്നതിനായി. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| എടുത്ത തീരുമാനം | പ്രിൻസിപ്പൽ സെക്രട്ടറി തീയതി നിശ്ചയിക്കുന്നതാണ്. |
| 7.11 | **ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് ഓണം അഡ്വാൻസ്, ബോണസ് എന്നിവ നൽകിയതിനുള്ള സാധൂകരണം സംബന്ധിച്ച്.** |
| | 07.08.2015 ലെ സ.ഉ.(അച്ചടി)നം.337/15/ധനം സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജന്റ് മറ്റ് വിഭാഗത്തിലുള്ള ജീവനക്കാർക്കും ബോണസ്/പ്രത്യേക ഉത്സവ ബത്ത നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവായിരുന്നു. കൂടാതെ 13.08.2015 ലെ സ.ഉ.(അച്ചടി)നം.337/15/ധനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2015 ലെ ഓണം അഡ്വാൻസായി 10,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു.<br><br>ആയത് പ്രകാരം, 20.08.2015 തീയതിയിലെ നമ്പർ 3117/E-4/2014/IKM ഉത്തരവ് പ്രരാരം ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് ഓണം പ്രമാണിച്ച് നേരത്തെ ശമ്പളം, അർഹതപ്പെട്ട ബോണസ്, ഓണം അഡ്വാൻസ് (ആവശ്യമുള്ള ജീവനക്കാർക്ക്, അഞ്ച് തുല്യ ഗഡുക്കളായി തിരിച്ച് പിടിക്കണമെന്ന വ്യവസ്ഥയിൽ) നൽകിയത് സംബന്ധിച്ച കാര്യങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 7.12 | **ഐ.കെ.എമ്മിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച്** |
| | 08/08/2012-ലെ ഐ.കെ.എം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനായി ബഹു.തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനമനുസരിച്ച്, ഐ.കെ.എം എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറോട് ഇടക്കാലാശ്വാസം നൽകുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം 16/10/2012-ലെ നമ്പർ.E2/5294/2012 എന്ന കത്ത് പ്രകാരം ഇടക്കാലാശ്വാസം നല്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 25/03/2013ലെ നമ്പർ.61553/ഐബി1/2012/ തസ്വഭവ എന്ന സർക്കാർ കത്ത് പ്രകാരം, സൊസൈറ്റിയായ സാഹചര്യത്തിൽ ജീവനക്കാരുടെ ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് നിർവ്വാഹമില്ലായെന്നാണ് അറിയിച്ചിരുന്നത്. ഐ.കെ.എമ്മിനെ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള ഒരു സൊസൈറ്റിയായി ഫെബ്രുവരി 2014-ന് രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളൊന്നും തന്നെ ഇതുവരെയും നിശ്ചയിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ വളരെ തുച്ഛമായ വേതനം കൈപ്പറ്റുന്ന ഐ.കെ.എം ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് അടിയന്തിരമായി പരിഗണിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഐ.കെ.എം ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതിനുള്ള പ്രൊപ്പോസൽ **അനുബന്ധം-1** ആയി നൽകുന്നു. |
| എടുത്ത തീരുമാനം | **ഇടക്കാലാശ്വാസം നൽകുന്നതിനായി സർക്കാരിലേക്ക് ശുപാർശ നൽകാൻ തീരുമാനിച്ചു.** |
| 7.13 | **ഐ.കെ.എമ്മിലെ ജീവനക്കാർക്ക് 03.12.2008-ലെ സ.ഉ.(എം.എസ്)നം.320/08/ തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ഉയർന്ന ഗ്രേഡിലേക്ക് അപ്ഗ്രഡേഷൻ നൽകുന്നത് സബന്ധിച്ച്.** |
| | 03.12.2008-ലെ സ.ഉ.(എം.എസ്)നം.320/08/തസ്വഭവ സർക്കാർ ഉത്തരവിലെ ഖണ്ഡിക-3(e) പ്രകാരം ഒരു നിശ്ചിത ഗ്രേഡിലേക്ക് സർവ്വീസ് പൂർത്തിയാക്കിയവർക്ക് ഐ.കെ.എം നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അടുത്ത ഉയർന്ന ഗ്രേഡിലേക്ക് അപ്ഗ്രഡേഷൻ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.<br><br>29.09.2012 ലെ 59-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ പ്രസ്തുത വിഷയം 59.15(1) ഇനമായി ചർച്ച ചെയ്യുകയും അസസ്സ്മെന്റ് കമ്മിറ്റി രൂപീകരിച്ച് അസസ്സ്മെന്റ് നടത്തുവാനും തീരുമാനിച്ചിരുന്നു. 21.01.2013 ലെ 60-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ 60.25-ാം നമ്പർ അജണ്ടയിൽ ടെക്നിക്കൽ/നോൺ ടെക്നിക്കൽ ജീവനക്കാരുടെ അസസ്സ്മെന്റ് നടത്തുന്നതിനുവേണ്ടി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനം എടുത്തിരുന്നു.<br><br>22.12.2012 ലെ സ.ഉ.(എം.എസ്) നം.343/2012/തസ്വഭവ പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനാൽ ടെക്നിക്കൽ/നോൺ ടെക്നിക്കൽ ജീവനക്കാരുടെ |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | അസസ്സ്മെന്റ് നടത്തുന്നതിനുവേണ്ടി കമ്മിറ്റി രൂപീകരിച്ച് അസസ്സ്മെന്റ് നടത്തുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | അസസ്സ്മെന്റ് നടത്തുന്നതിന് തീരുമാനിച്ചു. താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചു.<br>1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>2. ധനകാര്യവകുപ്പിന്റെ പ്രതിനിധി<br>3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രതിനിധി<br>4. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ,NIC<br>5. ടീ ലീഡർ (അഡ്മിനിസ്ട്രേഷൻ) |
| 7.14 | **ഇൻഫർമേഷൻ കേരള മിഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോഗ്രാമറുടെ കരാർ കാലാവധി പുതുക്കുന്നത് സംബന്ധിച്ച്.** |
| | 06.03.2015 ചേർന്ന ഐ.കെ.എം സൊസൈറ്റിയുടെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.10 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷനിലെ സോഫ്റ്റ്‌വെയർ വിഭാഗത്തിൽ സാംഖ്യ സോഫ്റ്റ്‌വെയർ സംബന്ധമായ പ്രവർത്തനങ്ങൾക്ക് ഈ സോഫ്റ്റ്‌വെയറിൽ മുൻപരിചയമുള്ള ശ്രീ.അയ്യൂബ്. എം.എച്ചിനെ ആറ് മാസത്തേയ്ക്ക് നിയമിച്ചിരുന്നു.<br>ശ്രീ.അയ്യൂബ്.എം.എച്ചിന്റെ കരാർ കാലാവധി 22.09.2015-ന് അവസാനിക്കുകയാണ്. സാംഖ്യാ സോഫ്റ്റ്‌വെയറിന്റെ വെബ്ബ് ആപ്ലിക്കേഷൻ ഡെവലപ്മെന്റ് സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് ഒരു പ്രോഗ്രാമറുടെ സേവനം അനിവാര്യമായതിനാൽ ശ്രീ. അയ്യൂബിന്റെ സേവനം ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | സാംഖ്യ വെബ്ബ് അധിഷ്ഠിതമാക്കുന്നതിനുള്ള ഡെവലപ്പ്മെന്റ് പ്രവർത്തനം തുടങ്ങിയതിനാൽ ടിയാന്റെ സേവനം തുടരേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| 7.15 | **ഐ.കെ.എം - ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്ക് ഹോണറേറിയം നൽകുന്നത് – സംബന്ധിച്ച്.** |
| | G.O(Rt)No.236/2015/LSGD dated 24.01.2015 ലെ സർക്കാർ ഉത്തരവിൻ പ്രകാരം രൂപീകരിച്ച ഐ.കെ.എമ്മിന്റെ ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുന്ന ഐ.കെ.എം ഓഫീസിനു പുറമേയുള്ള ഉദ്യോഗസ്ഥർക്ക് പ്രസ്തുത കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുക്കുന്നതിന് ഹോണറേറിയം നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | അംഗീകരിച്ചില്ല. |
| 7.16 | **സാംഖ്യ സോഫ്റ്റ്‌വെയർ വെബ്ബ് അധിഷ്ഠിതമാക്കുന്നതിനുള്ള പ്രോപ്പോസൽ അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഡബിൾ എൻട്രി അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യ വെബ്ബ് അധിഷ്ഠിതമാക്കുന്നതിനുള്ള പ്രോപ്പോസൽ ഇതോടൊപ്പം **അനുബന്ധം-2** ചേർക്കുന്നു. അംഗീകാരത്തിനായി. ഈ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി താഴെ പറയുന്ന യോഗ്യതയുള്ള 3 പ്രോഗ്രാമർമാരെ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് സ്ഥാപനങ്ങളിൽ നിന്നും 6 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം 30,000/- രൂപ വീതം കരാർ അടിസ്ഥാനത്തിൽ താൽകാലികമായി നിയമിക്കുന്നതിനുള്ള അനുമതിക്കായി.<br>Educational Qualification: B-Tech(Computer Science) / MCA /Diploma in Computer Science<br>Skills: 2 year experience in asp.net, PHP |
| **എടുത്ത തീരുമാനം** | അംഗീകരിച്ചു. Expertise അനുസരിച്ച് കൂടുതൽ വേതനം നൽകാവുന്നതാണ്. |
| 7.17 | **ഐ.കെ.എം സ്വരാജ് ഭവനിൽ പുതിയ ഡിജിറ്റൽ പി.ബി.എക്സ് സിസ്റ്റം വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | 06.03.2015 ലെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 6.8 നമ്പർ തീരുമാനപ്രകാരം ഐ.കെ.എം സ്വരാജ് ഭവനിൽ ഒരു പുതിയ ഡിജിറ്റൽ പി.ബി.എക്സ് സിസ്റ്റം വാങ്ങുന്നതിന് കമ്പനികളിൽ നിന്നും Proforma Invoice വാങ്ങി Rough Cost Estimate തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ നിർദ്ദേശിച്ചിരുന്നു.<br>പുതിയ ഡിജിറ്റൽ പി.ബി.എക്സ് സിസ്റ്റത്തിന്റെ സ്പെസിഫിക്കേഷനും, DGS&D Rate contract പ്രകാരമുള്ള തുകയും ഇതോടൊപ്പം **അനുബന്ധം-3** ചേർക്കുന്നു. അംഗീകാരത്തിനായി. |
| **എടുത്ത തീരുമാനം** | അംഗീകരിച്ചു. |
| 7.18 | **സ്വരാജ് ഭവനിലെ ഐ.കെ.എം ഓഫീസിൽ അധികമായി ചെയ്ത സിവിൽ വർക്കുകൾക്ക് M/s.Habitat Technology Group തുക അനുവദിക്കുന്നത് സംബന്ധിച്ച്.** |
| | 29.11.2014 തീയതിയിലെ പ്രൊസീഡിംഗ്സ് നം. 3657/P&W/2013/IKM പ്രകാരം സ്വരാജ് ഭവനിലെ ഐ കെ എം ഓഫീസിൽ സിവിൽ വർക്കുകൾ ചെയ്യുന്നതിനായി M/s.Habitat Technology Group-ന് രൂപ 48,45,069/- രൂപക്ക് (നാൽപ്പത്തിയെട്ട് ലക്ഷത്തി നാൽപത്തിഅയ്യായിരത്തി അറുപത്തിയൊൻമ്പത് രൂപ മാത്രം) ഭരണാനുമതി നൽകിയതനുസരിച്ച് വർക് ഓർഡർ നൽകുകയും, ആയതു പ്രകാരം സിവിൽ വർക്കുകൾ പൂർത്തിയാക്കി M/s.Habitat Technology Group 48,43,582/-രൂപയ്ക്ക് (നാൽപ്പത്തിയെട്ട് ലക്ഷത്തി നാൽപത്തിമൂവായിരത്തി അഞ്ഞൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) ബില്ല് സമർപ്പിച്ചിട്ടുള്ളതുമാണ്. മേൽ പറഞ്ഞ ഭരണാനുമതി നൽകിയ തുകയിൽ ഉടമ്പടി പ്രകാരം ആകെ 43,60,563/-രൂപ പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടുള്ളതും, ഇതിൽ ബാക്കി 4,84,507/-രൂപ നൽകാനുമുണ്ട്. എന്നാൽ സർവർ റൂമിൽ സ്റ്റീൽ ഡോർ, റിസപ്ഷൻ ടേബിൾ, ഡിസ്കഷൻ ടേബിൾ, സിപിയു സ്റ്റാൻഡ്, ഫൂട്ട് സ്റ്റാൻഡ്, മുതലായവ ചെയ്തതിന് ഹാബിറ്റാറ്റ് 7,59,459.60 രൂപയുടെ അഡീഷണൽ ബില്ല് നൽകി പ്രസ്തുത തുക ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പൂർണ്ണതോതിൽ ടി സിവിൽ വർക്കുകൾ പൂർത്തിയാക്കുന്നതിനു വേണ്ടി വന്ന അധിക തുകയായ 7,59,459.60 രൂപയ്ക്കുള്ള വർക്ക് ചെയ്തതിന് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതിന് അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടിൻ മേൽ തുടർ നടപടികൾക്ക് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ്. |
| 7.19 | **ഐ.കെ.എം നിയമിച്ചിട്ടുള്ള ഡേറ്റാ എൻട്രി ഓപ്പറേറ്ററായ കുമാരി. രശ്മി പി.ആർ ന്റെ ദിവസവേതനം വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്.** |
| | 28.10.2014 ലെ G.O(P) No.466/2014/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01.10.2014 മുതൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതന നിരക്ക് 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ബഹുമാനപ്പെട്ട പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ ഐ. കെ. എം നിയമിച്ചിട്ടുള്ള ഡേറ്റാ എൻട്രി ഓപ്പറേറ്ററായ കുമാരി. രശ്മി പി ആർ ന് നൽകി വരുന്ന പ്രതിദിന വേതനം 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി നൽകുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. 27.11.2014 ന് ചേർന്ന ഐ.കെ.എം സൊസൈറ്റിയുടെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.10 നമ്പർ പ്രകാരം ശ്രീമതി. രശ്മി. പി ആർ -ന്റെ ദിവസവേതന നിരക്ക് 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തുന്നത് നിലവിലുള്ള ഐ.കെ..എം ജീവനക്കാരുടെ ഇടയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കും എന്നതിനാൽ തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നു.<br>സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം മുൻകാലപ്രാബല്യത്തോട് കൂടി 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ തന്റെ ദിവസവേതന നിരക്കും 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി നൽകണമെന്ന് ശ്രീമതി.രശ്മി. പി. ആർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | അംഗീകരിച്ചു. |
| 7.20 | **ഐ.കെ.എം ഓഫീസ് ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ ഓടുന്ന വാഹനങ്ങളുടെ കരാർ കാലാവധി പുതുക്കിയ നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച്.** |
| | ഐ.കെ.എം ഓഫീസ് ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ച് വരുന്ന KL-20 G 9638 നമ്പർ സ്വിഫ്റ്റ് ഡിസയർ എ സി കാറിന് പ്രതിമാസം കുറഞ്ഞ ദൂരമായ 1500 കിലോമീറ്ററിന് 23,000 രൂപയും, അതിനുശേഷമുള്ള ഓരോ അധിക കിലോമീറ്ററിനും 9.95 രൂപയും, 10 മണിക്കൂറിന് ശേഷമുള്ള ഓരോ അധിക മണിക്കൂറിനും 60 രൂപയും, കൂടാതെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുകയാണെങ്കിൽ ഒരു ദിവസത്തേയ്ക്ക് 200 രൂപ ഹാൾട്ട് അലവൻസും, KL-22 F 928 നമ്പർ ടൊയോട്ട എത്യോസ് (ജിഡി) മോഡൽ നോൺ എ സി കാറിന് പ്രതിമാസം കുറഞ്ഞ ദൂരമായ 1500 കിലോമീറ്ററിന് 21,500 രൂപയും, അതിനുശേഷമുള്ള |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | ഓരോ അധിക കിലോമീറ്ററിനും 9.15 രൂപയും, 10 മണിക്കൂറിന് ശേഷമുള്ള ഓരോ അധിക മണിക്കൂറിനും 40 രൂപയും, കൂടാതെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുകയാണെങ്കിൽ ഒരു ദിവസത്തേയ്ക്ക് 200 രൂപ ഹാൾട്ട് അലവൻസുമാണ് നൽകി വന്നിരുന്നത്. ഈ കാറുകളുടെ കരാർ കാലാവധി 31.08.2015 ന് അവസാനിച്ചിരുന്നു. ഇതേ റേറ്റിൽ ഒരു വർഷത്തേയ്ക്ക് കൂടി കരാർ കാലാവധി പുതുക്കി നൽകുന്നതിന് വാഹന ഉടമ അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ ഈ വാഹനങ്ങളുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി പുതുക്കിയിരുന്നു. ഈ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | **അംഗീകരിച്ചു.** |
| 7.21 | **ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ സപ്പോർട്ട് നൽകുന്നതിനായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഒഴിവ് വന്നിട്ടുള്ളതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടെക്നിക്കൽ അസിസ്റ്റന്റുമാരെ വിന്യസിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ ഒഴിവിലേയ്ക്ക് പുതിയതായി ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | നിലവിലുള്ള ഒഴിവുകളും, പുതിയതായി രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വരുന്ന ഒഴിവുകളും സംബന്ധിച്ച പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ നിർദ്ദേശിച്ചു. ഇതോടൊപ്പം അപ്രന്റീസ് ട്രയിനികളെ നിമിക്കുന്നതിനുള്ള പ്രൊപ്പോസലും സമർപ്പിക്കേണ്ടതാണ്. |
| 7.22 | **ശ്രീമതി.സുചിത്ര.എം, ടെക്നിക്കൽ അസിസ്റ്റന്റ്, പാലക്കാട്, ശ്രീമതി രമ്യശ്രീ.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ, കണ്ണൂർ എന്നിവർക്ക് ശൂന്യവേതന അവധി അനുവദിക്കുന്നത് സംബന്ധിച്ച്.** |
| | പാലക്കാട് ജില്ലയിലെ തൃത്താല ബ്ലോക്കിലെ ടെക്നിക്കൽ അസ്സിസ്റ്റന്റായ ശ്രീമതി എം സുചിത്ര, മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ ബ്ലോക്കിൽ ജോലി ചെയ്തു വരവെ 30/03/2015 മുതൽ 23/04/2015 വരെയും 24/04/2015 മുതൽ 15/6/2015 വരെയും 78 ദിവസത്തെ ശൂന്യവേതന അവധിയ്ക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ശ്രീമതി എം സുചിത്ര 02/05/2014 മുതൽ 28/10/2014 വരെ 180 ദിവസത്തെ പ്രസവാവധിയിലും, 29/10/2014 മുതൽ 27/12/2014 വരെ 60 ദിവസത്തെ ആർജ്ജിത അവധിയിലും, പരിവർത്തിത അവധിയിലുമായിരുന്നു. തുടർന്ന് 30/12/2014 മുതൽ 29/03/2015 വരെ 90 ദിവസത്തെ അനുവദിച്ച ശൂന്യവേതന അവധിയിലുമായിരുന്നു (തുടർച്ചയായി 168 ദിവസത്തെ അവധി). എന്നാൽ തുടർച്ചയായി 120 ദിവസത്തിൽ കൂടുതലായിട്ടുള്ള അവധികൾ അനുവദിക്കുന്നത് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ അനുമതിയോടുകൂടിയാണ് ഐ കെ എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ 120 ദിവസത്തിൽ കൂടുതലായിട്ടുള്ള അവധി അനുവദിക്കുന്നതിന് , എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ അനുമതി ആവശ്യമായ സാഹചര്യത്തിൽ 30/03/2015 മുതൽ 15/6/2015 വരെ 78 ദിവസത്തെ ശൂന്യവേതന അവധിയുടെ അനുമതിക്കായി ശ്രീമതി സുചിത്ര എംന്റെ ഫയൽ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു.<br><br>കണ്ണൂർ ജില്ലയിൽ ഇടയ്ക്കൽ ബ്ലോക്കിലെ ജൂനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീമതി.എം രമ്യശ്രീ 02/07/2015 മുതൽ 01/07/2016 വരെ 366 ദിവസത്തെ ശൂന്യവേതന അവധിയ്ക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. എന്നാൽ ശ്രീമതി.എം രമ്യശ്രീ 06/03/2015 മുതൽ 1/05/2015 വരെ 57 ദിവസത്തെ ശൂന്യവേതന അവധിയുടെ തുടർച്ചയായി 02/05/2015 മുതൽ 01/07/2015 വരെ 61 ദിവസത്തെ അനുവദിച്ച ശൂന്യവേതന അവധിയിലായിരുന്നു (തുടർച്ചയായി 118 ദിവസത്തെ ശൂന്യവേതന അവധി). തുടർച്ചയായുള്ള ശൂന്യവേതന അവധിയുടെ കാരണം എന്താണെന്ന് വ്യക്തമാക്കിയിട്ടുമില്ല. ഐ കെ എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ 120 ദിവസത്തിൽ കൂടുതലായിട്ടുള്ള അവധി അനുവദിക്കുന്നതിന് , എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ അനുമതി ആവശ്യമായ സാഹചര്യത്തിൽ ശ്രീമതി.എം രമ്യശ്രീയുടെ 02/07/2015 മുതൽ 01/07/2016 വരെ 366 ദിവസത്തെ ശൂന്യവേതന അവധി എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | ശ്രീമതി.എം.സുചിത്രയുടെ അവധി അംഗീകരിച്ചു. ശ്രീമതി.എം രമ്യശ്രീയുടെ അവധിയിൽ വ്യക്തമായ കാരണം ലഭ്യമാക്കുന്നതുവരെ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| 7.23 | **സേവന- പെൻഷൻ സോഫ്റ്റ് വെയറുമായി പ്രവർത്തിച്ച ജീവനക്കാർക്ക് 'Appreciation letter' നല്കുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിക്കുന്നു.** |
| | തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനവിതരണം നടത്തുന്ന ക്ഷേമ പെൻഷനുകളായ<br>1. വാർദ്ധക്യ കാല പെൻഷൻ<br>2. വിധവാ പെൻഷൻ |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|

3. അവിവാഹിത പെൻഷൻ (50 വയസിനു മുകളിൽ)
4. വികലാംഗ പെൻഷൻ
5. കർഷക തൊഴിലാളി പെൻഷൻ

എന്നിവ DBT (Direct Beneficiary Transfer) മുഖേന ഗുണഭോക്താക്കളുടെ ബാങ്ക്, പോസ്റ്റ് ഓഫീസ്, സേവിംഗ് അക്കൌണ്ട് എന്നീ രീതികളിലൂടെ 2015 ഏപ്രിൽ മാസം മുതൽ എല്ലാ മാസവും കൃത്യമായി വിതരണം നടത്തിവരുന്നു. പ്രസ്തുത പദ്ധതി തുടങ്ങുന്നതിനായി രണ്ട് വർഷം മുമ്പ് തന്നെ ഐ.കെ.എം പലവിധ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വിവിധ തരത്തിലുള്ള സാങ്കേതിക സംയോജന നടപടികൾ പെൻഷൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്ന ടീം നിർവ്വഹിക്കുകയുണ്ടായി. ഇതിനായി സോഫ്റ്റ്‌വെയർ പല തവണകളായി സമയബന്ധിതമായി പരിഷ്കരിക്കുകയുണ്ടായി. സർക്കാർ പല തവണകളായി പറഞ്ഞ മാറ്റങ്ങളും അതാതു സമയങ്ങളിൽ പരിഷ്കരിച്ച് സോഫ്റ്റ്വെയർ വിന്യസിക്കുകയുണ്ടായി. Digital Signature, Data Security, വിവിധതരം റിപ്പോർട്ടുകൾ പ്രസ്തുത സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി, ബാങ്കിന് ആവശ്യമായ ഫയലുകൾ, പോസ്റ്റ്ഓഫീസ് സേവിംഗിനായി അവരുടെ സെർവ്വറിലേയ്ക്കുള്ള ഫയലുകൾ Secured FTP മുഖാന്തിരം അതാത് സ്ഥലങ്ങളിൽ എത്തിച്ചു കൊടുക്കുന്നത് മൂലമാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ഈ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നിലവിൽ പഞ്ചായത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള DBT Cell മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി, പ്രതിമാസം 227 കോടി രൂപ പെൻഷൻ ഇനത്തിൽ 30 ലക്ഷം ഗുണഭോക്താക്കൾക്ക് Direct Beneficiary Transfer മുഖേന വിജയകരമായി വിതരണം ചെയ്തു. ഇതു സാദ്ധ്യമാക്കാൻ പ്രയത്നിച്ചു ചുവടെ നല്കിയിരിയ്ക്കുന്ന ജീവനക്കാർക്ക് ' Appreciation letter ' നല്കുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിക്കുന്നു.

Software Team Members
- Shri Narayanan N G (Project Manager)
- Smt Saritha B.S(Project manager)
- Shri Jetheesh G (Technical Officer)
- Shri Saveen. S (Technical Officer)

Testing & Help Desk
- Ragi M.K (Technical Officer)
- Deepika M.S (Technical Officer)
- Susmitha B S (Technical Officer)
- Reeja J (Technical Officer)

Server Support
- Nidheesh. G (Technical Officer) & Rajesh K (Sr.Technical Officer)

| | |
|---|---|
| എടുത്ത തീരുമാനം | അംഗീകരിച്ചു. |

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)